"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. ജി. സുധാകരൻ, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ (റിട്ട.) ഫയൽ ചെയ്ത OA 780/2024 മേലുള്ള 23.10.2025 ലെ ബഹു. ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.673/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-
1. സ.ഉ.(പി) നം.167/2018/ധന. തീയതി 30.10.2018
2. സ.ഉ.(പി) നം.67/2020/ധന. തീയതി 27/05/2020
3. ശ്രീ. ജി. സുധാകരന്റെ 25/09/2023 ലെ അപേക്ഷ
4. 18/03/2024 ലെ ഇപിബി1/207/2023-തസ്വഭവ നമ്പർ കത്ത്.
5. OA No. 780/2024 മേലുള്ള ബഹു. ട്രിബ്യൂണലിന്റെ 23.10.2025 ലെ അന്തിമ ഉത്തരവ്
6. 12.11.2025-ലെ EPB1/149/2024-LSGD നമ്പർ സർക്കാർ കത്ത്.
7. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.11.2025 ലെ LSGD/PD/12995/2023-PENB1 കത്ത്.
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.11.2025-ലെ LSGD/PD/21601/2024-LL4 നമ്പർ കത്ത്.
9. 21.01.2026-ലെ EPB1/149/2024-LSGD നമ്പർ സർക്കാർ കത്ത്.
10. അഡ്വക്കേറ്റ് ജനറലിന്റെ 09/03/2026 ലെ C(TVM)5-OA 780/2024/2026035585 നം. കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് പെർഫോർമൻസ് ആഡിറ്റ് യൂണിറ്റ്-ൽ നിന്നും സൂപ്പർവൈസർ തസ്തികയിൽ 31.05.2012-ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. സുധാകരൻ ജി., ഡി.സി.ആർ.ജി. ലഭിക്കുന്നതിന് കാലതാമസം നേരിട്ട 01/06/2012 മുതൽ 08/08/2023 വരെയുള്ള കാലയളവിൽ ഡി.സി.ആർ.ജി തുകയ്ക്ക് 18% പലിശ നല്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ

സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിക്കുകയും, KSR ഭാഗം III ചട്ടം 3 A (a) പ്രകാരം വകുപ്പുതല/നീതി ന്യായ അച്ചടക്ക നടപടി ആരംഭിക്കുകയോ തുടരുകയോ ചെയ്യുന്ന കേസിൽ അങ്ങനെയുള്ള നടപടിയുടെ തീർപ്പാക്കലും അതിൻമേലുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കലും വരെ യാതൊരു അന്ത്യോപദാനവും ( D C R G ) നൽകാൻ പാടില്ലാത്തതാണെന്നും, അച്ചടക്ക നടപടികളും വിജിലൻസ് കേസുകളും നിലവിലുള്ള കാരണത്താലാണ് 31.05.2012-നു വിരമിച്ച ശ്രീ സുധാകരന്റെ ഗ്രാറ്റുവിറ്റി അനുവദിച്ചു നൽകുന്നതിൽ കാലതാമസം നേരിട്ടതെന്നും ടി വിഷയത്തിൽ ഭരണപരമായ കാലതാമസം ഉണ്ടായിട്ടില്ലെന്നും, കൂടാതെ പെൻഷൻ ആനുകൂല്യങ്ങൾക്ക് പിഴ പലിശ നൽകണമെന്ന് കെ.എസ്.ആറിൽ വ്യവസ്ഥയില്ല എന്നും ആയതിനാൽ DCRG-ക്ക് പലിശ ലഭിക്കണമെന്ന ടിയാന്റെ ആവശ്യം പരിഗണിക്കുവാൻ നിർവാഹമില്ലെന്ന വിവരം പരാമർശം (4) പ്രകാരം ടിയാനെ അറിയിച്ചിരുന്നു.

2. മേൽ അപേക്ഷ നിരസിച്ചതിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 780/2024 കേസ് ഫയൽ ചെയ്യുകയും ആയതിന്മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഉത്തരവിൽ, ഡി.സി.ആർ.ജി. (DCRG) തുക വിതരണം ചെയ്യുന്നതിൽ ഉണ്ടായ കാലതാമസത്തിന് എതിർകക്ഷികൾ ഉന്നയിക്കുന്ന ഏക വാദം, ശിക്ഷാനടപടി / വിജിലൻസ് കേസ് നിലനിൽക്കുന്നു എന്നതാണെന്നും, എന്നാൽ, കെ.എസ്.ആർ. ഭാഗം III-ലെ റൂൾ 3 പ്രകാരമുള്ള നടപടികളും ശിക്ഷാനടപടികളും 22.12.2017-ന് തന്നെ അവസാനിപ്പിച്ചിരുന്നതാണെന്നും 23.08.2013-ന് അപേക്ഷകനെതിരെ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന ഒരു പൊതു പരാമർശം ഒഴികെ, എതിർകക്ഷികൾക്ക് യാതൊരു രേഖാപരമായ വിവരവും ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലെന്നും അപേക്ഷകന്റെ വിരമിക്കലിനു ശേഷം മാത്രമാണ് ടി വിജിലൻസ് കേസ് പോലും ഉണ്ടായിരിക്കുന്നത് എന്നും ബഹു. ട്രിബ്യൂണൽ നിരീക്ഷിക്കുകയും, Gratuity payment order (Annexure–A3) പുറപ്പെടുവിച്ച സമയത്ത് അപേക്ഷകന് 61 വയസായിരുന്നു എന്നതിനാലും 08.02.2018 മുതൽ 08.08.2023-ന് യഥാർത്ഥത്തിൽ വിതരണംചെയ്യുന്നത് വരെ ടിയാന് അർഹമായ ഡി.സി.ആർ.ജി. തുക സർക്കാരിലായിരുന്നതിനാലും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഒരു വർഷവും അതിനുമുകളിലുള്ള നിക്ഷേപങ്ങൾക്ക് മുതിർന്ന പൗരന്മാർക്കുള്ള വാർഷിക പലിശനിരക്ക് 8.5% ആണെന്നതിനാലും 08.02.2018 മുതൽ 08.08.2023 വരെ ഉണ്ടായ കാലതാമസത്തിന് അപേക്ഷകന് 8.5% നിരക്കിൽ വാർഷിക പലിശ നൽകേണ്ടതുണ്ടെന്നും ആയത് ഉത്തരവിന്റെ പകർപ്പ് ലഭിക്കുന്ന തീയതി മുതൽ മൂന്ന് മാസത്തിനകം പ്രസ്തുത തുക അപേക്ഷകനു വിതരണം ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചു. കാലതാമസത്തിനുത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് പലിശത്തുക തിരിച്ചുപിടിക്കുവാൻ എതിർകക്ഷികൾക്ക്, സ്വാതന്ത്ര്യമുണ്ടെന്നും നിരീക്ഷിച്ചു.

3. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ശ്രീ. സുധാകരന് ഡിസിആർജി തുക

അനുവദിക്കു ന്നതിനുണ്ടായ കാലതാമസത്തിന് വിശദീകരണവും ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ പരാമർശം (6) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (7) -ലെ റിപ്പോർട്ടിൽ, ശ്രീ. സുധാകരനെതിരെ ദേവികുളങ്ങര, നെടുമ്പാശ്ശേരി, നെല്ലനാട്, വിഴിഞ്ഞം ഗ്രാമ പഞ്ചായത്തുകളിലായി ബാധ്യത നിലവിലുണ്ടായിരുന്നതിനാൽ അന്തിമ ബാധ്യത സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള കാലതാമസവും, ടിയാനെതിരെ നിലവിലുണ്ടായിരുന്ന വിജിലൻസ് കേസ് തീർപ്പാകാത്തതുംമൂലമുള്ള സ്വാഭാവികമായ താമസം മാത്രമേ ടിയാന് എൻ.എൽ.സി അനുവദിക്കുന്നതിൽ ഉണ്ടായിട്ടുള്ളൂവെന്ന് അറിയിച്ചിരുന്നു. അതുകൊണ്ട് ഡിസിആർജി തുകയ്ക്ക് പലിശ നൽകണമെന്നുള്ള ബഹു. ട്രിബ്യൂണലിന്റെ 23/10/2025-ലെ മേൽ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം അഡ്വക്കേറ്റ് ജനറലിന് നല്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (8) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചു.

4. സർക്കാർ ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യം കാലതാമസം വരുത്താതെ നല്കുന്നതിന് പരാമർശം (2) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കെ.എസ് ആർ ഭാഗം III ചട്ടം 3 പ്രകാരം ഒരു വിജിലൻസ് കേസ് ജുഡീഷ്യൽ നടപടിക്രമമായി പരിഗണിക്കുന്നത് കേസ് വിചാരണയ്ക്ക് എടുക്കുമ്പോൾ മാത്രമാണെന്നും ഒരു വിജിലൻസ് കേസ്(VC), വിചാരണയ്ക്ക് എടുക്കുമ്പോൾ അത് കലണ്ടർ കേസ് നമ്പർ (CC) ആകുന്നതെന്നും നിലവിലുള്ള വിജിലൻസ് വിചാരണയ്ക്കെടുക്കാത്ത സാഹചര്യത്തിൽ ടി ഉത്തരവിലെ അനുബന്ധം-3-ൽ ചേർത്തിരിക്കുന്ന രീതിയിലുള്ള സമ്മതപത്രം വാങ്ങിയ ശേഷം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടിയാനെതിരെയുള്ള VC/5/13/TVM നമ്പർ വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നതായാണ് വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുള്ളത് .

5. മേൽ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാമെന്നിരിക്കെ വിജിലൻസ് കേസിന്റെ കാര്യം ചൂണ്ടിക്കാട്ടി, 08/02/2018-ൽ അക്കൗണ്ടന്റ് ജനറൽ അംഗീകരിച്ച ഡി.സി.ആർ.ജി അനുവദിക്കുന്നതിന് 08/08/2023-വരെ കാലതാമസം വരുത്തിയ നടപടി ഉചിതമായിരുന്നില്ല എന്ന് സർക്കാർ കാണുകയും എന്നാൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് പിഴപലിശ നൽകുന്നതിന് കെ.എസ്.ആർ-ൽ വ്യവസ്ഥയില്ലാത്തതിനാൽ, പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ ശിപാർശ പരിഗണിച്ച്, O.A. 780/2024 -നുമേലുള്ള 23/10/2025-ലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള തുടർ നടപടി സ്വീകരിക്കാൻ പരാമർശം (9) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

6. അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് പരാമർശം (10) പ്രകാരം അഡ്വക്കേറ്റ് ജനറൽ നിയമോപദേശം ലഭ്യമാക്കിയിരുന്നു. ശ്രീ. സുധാകരനെതിരെയുണ്ടായിരുന്ന അച്ചടക്ക നടപടികൾ തീർപ്പാക്കിയതിനു ശേഷം അക്കൗണ്ടന്റ് ജനറൽ 08.2.2018-ന് ടിയാന്റെ ഡി.സി.ആർ.ജി അംഗീകരിച്ച് നൽകിയിരുന്നുവെങ്കിലും ടിയാനെതിരെ വിജിലൻസ് കേസ് നിലവിലുണ്ടെന്ന കാരണത്താൽ പ്രസ്തുത ഡി.സി.ആർ.ജി. അനുവദിക്കാതെ ആയത് 08.08.2023-നാണ് അനുവദിച്ചിട്ടുള്ളതെന്നും, പരാമർശ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ച ശേഷം 23.08.2013-ന് ആയിരുന്നു എന്നതിനാൽ വിജിലൻസ് കേസിനെ തുടർന്നാണ് ടിയാന് ഡി.സി.ആർ.ജി. അനുവദിക്കാതിരുന്നത് എന്ന വാദം നിലനിൽക്കുന്നതല്ലെന്നും, ആയതിനാൽ 08.02.2018 മുതൽ 08.08.2023 വരെയുള്ള കാലയളവിലേയ്ക്കുള്ള ഡി.സി.ആർ.ജി. തുകയ്ക്ക് 8.5% നിരക്കിൽ പലിശ നൽകണമെന്ന ബഹു. ട്രിബ്യൂണലിന്റെ 23.10.2025-ലെ O.A. 780/2024-മ്മേലുള്ള ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് ഉചിതമല്ലെന്ന് ടി നിയമോപദേശത്തിൽ അറിയിക്കുകയുണ്ടായി.

7. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബഹു. ട്രിബ്യൂണലിന്റെ പരാമർശം (5) ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതില്ലെന്ന അഡ്വക്കേറ്റ് ജനറലിന്റെ പരാമർശം (10) പ്രകാരമുള്ള നിയമോപദേശം മുൻനിർത്തി, 31.05.2012-ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. സുധാകരൻ ജി. ക്ക് ടിയാന്റെ ഡി.സി.ആർ.ജി. അനുവദിക്കുന്നതിന് കാലതാമസം നേരിട്ട 08.02.2018 മുതൽ 08.08.2023 വരെയുള്ള കാലയളവിലേയ്ക്ക് ഡി.സി.ആർ.ജി. തുകയ്ക്ക് 8.5% നിരക്കിൽ വാർഷിക പലിശ അനുവദിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

OA 780/2024 മ്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. സുധാകരൻ ജി., സൂപ്പർവൈസർ (റിട്ട.), നെല്ലനാട് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് (ഇന്ദു ഭവൻ , ചെറുനാരകംകോട് , അടയമൻ പി ഒ, തിരുവനന്തപുരം- 695614).
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം *(ആമുഖ കത്ത് സഹിതം)*
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

വിവര പൊതു ജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (*ഫയൽ നം. ഇപിബി1/149/2024-തസ്വഭവ)*

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 11-03-2026 07:22:48**
സെക്ഷൻ ഓഫീസർ